(സി) കോവിഡ്മൂലം മരണപ്പെട്ട പ്രവാസികളുടെ കുടുംബങ്ങൾക്ക് നിലവിൽ ധനസഹായത്തിന് പദ്ധതി ഇല്ലെങ്കിൽ സുപ്രീം കോടതി ഈയിടെ കേന്ദ്ര സർക്കാരിന് നൽകിയ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ ധനസഹായത്തിന്റെ മാനദണ്ഡങ്ങൾ രൂപീകരിക്കുമ്പോൾ പ്രവാസികളെ കൂടി ഉൾപ്പെടുത്തുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ

69 (1431) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമാനയാത്രാവിലക്കുമൂലം തൊഴിൽ നഷ്ടപ്പെട്ട പ്രവാസികളുടെ വിവരങ്ങൾ സർക്കാരിന്റെ കൈവശമുണ്ടോ?

കൃത്യമായ കണക്ക് ലഭ്യമായിട്ടില്ല.

(ബി) ഈ വിഷയത്തിൽ കേന്ദ്രസർക്കാർ എന്തെങ്കിലും ഇടപെടൽ നടത്തിയതായി അറിയാമോ;

&

(സി) സംസ്ഥാന സർക്കാർ ഈ വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ ഈ വിഷയത്തിൽ നടപടി സ്വീകരിക്കുകയുണ്ടായോ?

വിദേശ രാജ്യങ്ങളിലേയ്ക്ക് തിരിച്ചുപോകാനാകാതെ കേരളത്തിൽ കുടുങ്ങിക്കിടക്കുന്ന മലയാളി പ്രവാസികളിൽ 72 മണിക്കൂറിനകത്ത് RTPCR ടെസ്റ്റ് നെഗറ്റീവ് ആയവർക്ക് തൊഴിലിടങ്ങളിലേയ്ക്ക് തിരികെ പോകുന്നതിന് നയതന്ത്ര ചാനൽ ഉപയോഗപ്പെടുത്തി പ്രശ്നപരിഹാരം കാണുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കേന്ദ്ര വിദേശകാര്യ സെക്രട്ടറിയോടും കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് സെക്രട്ടറിയോടും സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽനിന്ന് ഇതുവരെ മറുപടി ലഭ്യമായിട്ടില്ല.

(ഡി) വിദേശരാജ്യങ്ങളിൽ, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ കഴിയുന്ന രോഗികളായ മലയാളികൾക്ക് വിമാനയാത്രാവിലക്കുമൂലം മരുന്നുകൾ ലഭ്യമാകുന്നത് മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവാസികൾക്ക് അവശ്യമരുന്നുകൾ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. DHL കൊറിയർ സർവീസ്, കാർഗോ എന്നിവയുടെ സഹകരണത്തോടെ പ്രവാസികൾക്ക് വേണ്ട അവശ്യമരുന്നുകൾ കുറഞ്ഞ ചെലവിൽ എത്തിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തി. കൂടാതെ, ലോക കേരളസഭയുടെയും വിദേശരാജ്യങ്ങളിലെ പ്രവാസി സംഘടനകളുടെയും നേതൃത്വത്തിൽ വിദേശ രാജ്യങ്ങളിൽ രൂപീകരിച്ച നോർക്ക ഹെൽപ്പ് ഡെസ്കുകൾ മുഖാന്തരവും സാധ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ

70 (1432) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീമതി ദെലീമ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനത്തെ തുടർന്ന് നാട്ടിലെത്തുകയും നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും തിരികെ തൊഴിലിടങ്ങളിൽ എത്തിച്ചേരുന്നതിന് സാധിക്കാതെയും വന്നിട്ടുള്ള പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കാണുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

&

(ബി) നാട്ടിൽ കുടുങ്ങിപ്പോയി പ്രയാസങ്ങൾ അനുഭവിക്കുന്ന പ്രവാസികൾക്ക് എത്രയുംവേഗം തൊഴിലിടങ്ങളിൽ എത്തിച്ചേരുന്നതിന് അവസരമൊരുക്കുന്നതിനായി ഗൾഫ് നാടുകളിലെ ഗവൺമെന്റുമായി ചർച്ച നടത്തുന്നതിനാവശ്യമായ എന്തെല്ലാം ഇടപെടലുകളാണ് സംസ്ഥാന സർക്കാർ നടത്തുന്നതെന്ന് അറിയിക്കാമോ?

കോവിഡ് വ്യാപനത്തെ തുടർന്ന് നാട്ടിലെത്തുകയും തിരികെ പോകാൻ സാധിക്കാത്തതുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ പ്രവാസികൾ നേരിടുന്നു. യാത്രാവിലക്ക്, വാക്സിൻ ലഭ്യത, വാക്സിനേഷൻ സർട്ടിഫിക്കറ്റിലെ അപാകതകൾ തുടങ്ങിയ വിഷയങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. വിദേശ രാജ്യങ്ങളിലേയ്ക്ക് തിരിച്ചു പോകാനാകാതെ കേരളത്തിൽ കുടുങ്ങിക്കിടക്കുന്ന മലയാളി പ്രവാസികളിൽ 72 മണിക്കൂറിനകത്ത് RTPCR ടെസ്റ്റ് നെഗറ്റീവ് ആയവർക്ക് തങ്ങളുടെ തൊഴിലിടങ്ങളിലേയ്ക്ക് തിരികെ പോകുന്നതിന് നയതന്ത്ര